## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2144

05-12-2018 ൽ മറുപടിയ്ക്ക്

# അഗ്നിശമന വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.എ.എം.ആരിഫ്**<br>**ശ്രീ.പി.കെ.ശശി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) അഗ്നിശമന വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) 1962 ലെ ഫയർ ഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനും, നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>കൊയിലാണ്ടി, അത്രൂർ, നാട്ടിക എന്നിവിടങ്ങളിൽ 23 വീതം തസ്തികകളോടു കൂടി പുതിയ ഓരോ ഫയർ & റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. മുക്കം, ഏലൂർ, കണ്ണൂർ എന്നീ സ്റ്റേഷനുകൾക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചു.<br>വിയ്യൂർ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ പുതുതായി 22 തസ്തികകളും, ആസ്ഥാന കാര്യാലയത്തിൽ ഒരു ഫിനാൻസ് ഓഫീസർ, ഒരു കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് തസ്തികകളും സൃഷ്ടിച്ചു. കണ്ണൂർ ആസ്ഥാനമാക്കി 8 തസ്തികകൾ അനുവദിച്ചു കൊണ്ട് ഒരു പുതിയ ഡിവിഷണൽ ഓഫീസ് രൂപീകരിച്ചു.<br>അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട് ആകസ്മികമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേക്കായി വിവിധ കാറ്റഗറികളിൽപ്പെടുന്ന കെട്ടിടങ്ങളിൽ ഫയർ & റെസ്ക്യൂ വകുപ്പ് സുരക്ഷാ പരിശോധന സമയബന്ധിതമായി നടത്തി അപാകതകൾ പരിഹരിച്ചു വരുന്നു.<br>2 ടേൺ ടേബിൾ ലാഡറുകൾ (Sky Lift) ഉൾപ്പെടെ ആധുനിക വാഹനങ്ങളും, ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br>ഐ-ആപ്സ് നടപ്പിലാക്കുന്നതിന് ഹെഡ് ക്വാർട്ടേഴ്സിലേക്കും, റീജിയണൽ ഓഫീസുകളിലേക്കും, ജില്ലാ ഓഫീസുകളിലേക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സ്റ്റേഷനുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വീഡിയോ |

കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

EASE OF DOING BUSINESS നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫയർ എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് KSIDC യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്.

| | | | |
|---|---|---|---|
| ബി) | ദുരന്തമുഖത്ത് രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ദുരന്ത പ്രതികരണസേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) & സി) | ഉണ്ട്. ദുരന്തനിവാരണ രംഗത്ത് ജനങ്ങളെ കൂടുതലായി ഉൾപ്പെടുത്തി രക്ഷാപ്രവർത്തനങ്ങൾക്കായി സന്നദ്ധരാക്കാൻ വേണ്ടി സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പൊതുജനങ്ങൾക്ക് അഗ്നിശമന പ്രവർത്തനങ്ങളിലും, രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനും, വകുപ്പിന്റെ അഗ്നിശമനരക്ഷാ പ്രവർത്തനങ്ങളിൽ സേവന സന്നദ്ധതയുള്ള പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിലേക്കുമായി 123 അഗ്നിരക്ഷാ നിലയങ്ങളുടെ കീഴിൽ ഓരോ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ നിന്ന് ഏറ്റവും കുറഞ്ഞത് 30 പേരെ വീതം കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകി വരുന്നു. തദ്ദേശീയരായ ആളുകളാകും ഇത്തരം വോളന്റിയർമാരായി ഉണ്ടാവുക എന്നതിനാൽ ഓരോസ്ഥലത്തും ഉണ്ടാവാൻ സാദ്ധ്യതയുള്ള ദുരന്തങ്ങൾ മുൻകൂട്ടികണ്ട് അതിനനുസൃതമായ രീതിയിൽ ഇവർക്ക് പരിശീലനം നൽകി സജ്ജരാക്കുവാൻ സാധിക്കുന്നു. സമൂഹത്തിലെ എല്ലാ മേഖലയിൽ നിന്നുള്ളവർക്കും സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കും സിവിൽ ഡിഫൻസ് വോളന്റിയർ മാരായി പരിശീലനം നൽകാവുന്നതാണ്. |
| സി) | ഏതെല്ലാം മേഖലയിലുള്ളവരെയാണ് പ്രസ്തുത സേനയിൽ അംഗങ്ങളാക്കുന്നതെന്നും എന്തെല്ലാം പരിശീലനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നൽകുന്നതെന്നും വിശദമാക്കാമോ; | | |
| ഡി) | അഗ്നിശമന വിഭാഗത്തിൽ സ്ത്രീകൾക്കായി പ്രത്യേക വിഭാഗം തുടങ്ങുന്നതിന്റെ ഭാഗമായി കൂടുതൽ വനിതകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | വകുപ്പിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 100 ഫയർവുമൺ തസ്തിക പുതുതായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരികയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ